ഉത്തരം

(എ) 42 മുനിസിപ്പാലിറ്റികളിൽ തെരഞ്ഞെടുക്കപ്പെട്ട കൗൺസിലുകളില്ല.

(ബി) പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) കഴിയുന്നത്ര വേഗത്തിൽ തെരഞ്ഞെടുപ്പ് നടത്താൻ വേണ്ട നടപടികളും സ്വീകരിച്ചുവരുന്നു.

തൃശ്ശൂർ മുനിസിപ്പാലിറ്റി

448 [485] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ;

തൃശ്ശൂർ മുനിസിപ്പാലിറ്റിയെ ഒരു കോർപ്പറേഷനായി ഉയർത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

തൃശ്ശൂർ മുനിസിപ്പാലിറ്റിയെ കോർപ്പറേഷനായി ഉയർത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല.

അഡ്വക്കേറ്റ് ക്ഷേമനിധി

449 [486] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) അഡ്വക്കേറ്റ് ക്ഷേമനിധിയിലേയ്ക്ക് 1985–86 വർഷം സർക്കാർ നൽകിയ തുക എത്ര;

(ബി) 31–3–1986 വരെ അഡ്വക്കേറ്റ് ക്ഷേമനിധിയിൽനിന്നും എത്ര പേർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്;

(സി) അതിലേക്ക് ചെലവായ ആകെ തുക എത്ര യെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) 5,00,000 രൂപ (അഞ്ചുലക്ഷം രൂപ)

(ബി) 189 പേർക്ക്

(സി) 16,28,500 രൂപ.

സ്വകാര്യമേഖലയിൽ അനുവദിച്ച സ്കൂളുകളും കോളേജുകളും

450 [487] ശ്രീ. സി.കെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കേരളത്തിൽ സ്വകാര്യമേഖലയിൽ എത്ര സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) അവയിൽ ഹൈസ്കൂൾ, യു.പി., പ്രൈമറി എന്നിവ എത്ര വീതം;

(സി) സ്വകാര്യ മേഖലയിൽ അനുവദിച്ച കോളേജുകളെത്ര;

(ഡി) ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഓരോകൊല്ലവും എത്ര തുക വീതമാണു ബജറ്റിൽ നിന്നു കൊടുക്കുന്നതെന്നു വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 31–7–1981–ലും 24–2–1982–ലും സർക്കാർ പ്രസിദ്ധീകരിച്ച സ്ഥലനിർണ്ണയ ലിസ്റ്റിലെ 382 സ്കൂളുകളിൽ നിന്നും മുൻ ഗവൺമെന്റ് അനുവദിച്ചതിനുശേഷമുള്ള നിയമപരമായ ബാദ്ധ്യത നിറവേറ്റുന്നതിനായി 85 എയിഡഡ് സ്കൂളുകളും മുൻ ഗവൺമെന്റിന്റെ കാലത്തു പ്രസിദ്ധീകരിച്ച പ്രാഥമിക ലിസ്റ്റിന്റെ തുടർച്ചയായി 27–1–1983–ൽ പ്രസിദ്ധീകരിച്ച അന്തിമ സ്ഥലനിർണ്ണയലിസ്റ്റിൽ നിന്നും 247 എയിഡഡ് സ്കൂളുകളും 294 അൺ എയിഡഡ് സ്കൂളുകളും ഉൾപ്പെടെ 626 സ്കൂളുകളും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ അനുവദിച്ചിട്ടുണ്ട്.

(ബി)

എയിഡഡ് ഹൈസ്കൂളുകൾ	148
എയിഡഡ് യു.പി. സ്കൂൾ	97
എയിഡഡ് എൽ.പി. സ്കൂൾ	87
അൺഎയിഡഡ് ഹൈസ്കൂൾ	52
അൺ എയിഡഡ് യു.പി. സ്കൂൾ	98
അൺഎയിഡഡ് എൽ.പി. സ്കൂൾ	144

(സി) 9 (ഒൻപത്)

(ഡി) വിവരം ശേഖരിച്ചു വരുന്നു.

ഈ സർക്കാർ അനുവദിച്ച സ്കൂളുകൾ

451 [488] ശ്രീ. എം.വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമേഖലയിൽ അനുവദിച്ച സ്കൂളുകൾ എത്ര;

എൽ.പി.എസ്സ്, യു.പി.എസ്സ്., എച്ച്.എസ്സ്. എന്നിങ്ങനെ ഓരോ ഇനത്തിലും എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അനുവദിച്ചതിൽ പൊതുമേഖലയിൽ എത്ര സ്കൂളുകൾ പൂട്ടിയിട്ടുണ്ട്; അങ്ങനെ പൂട്ടിയിടാൻ കാരണമെന്ത്?

ഉത്തരം

(എ)

ആകെ അനുവദിച്ച സ്കൂളുകൾ	116
എച്ച്.എസ്സ്.	30
യു.പി.എസ്സ്.	61
എൽ.പി.എസ്സ്.	25

(ബി) സ്കൂളുകളൊന്നും പൂട്ടിയിട്ടില്ല.

ഓരോ ജില്ലയിലേയും ഹൈസ്കൂളുകൾ

452 [489] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

31–3–1986–ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് ഓരോ ജില്ലയിലും എയിഡഡ്, അൺ എയിഡഡ്, ഗവൺമെന്റ് എന്നീ വിഭാഗങ്ങളിൽ എത്ര ഹൈസ്കൂളുകൾ വീതം ഉണ്ട്?

LIBRARY ARCHIVES Kerala Legislative Assembly